## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 419

20 .10.2016-ൽ
മറുപടിയ്ക്ക്

## റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. വി. ടി. ബൽറാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) പൊതുജനങ്ങൾക്ക് അഴിമതി രഹിത സേവനം ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിൽ സംസ്ഥാനത്ത് മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയം പ്രവർത്തിച്ചു വരുന്നു. കൂടാതെ, എല്ലാ ജില്ലാ കളക്ടറേറ്റിലേയും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് എന്നു നാമകരണം ചെയ്തു പ്രവർത്തിച്ചു വരുന്നു. എല്ലാ താലൂക്കാഫീസുകളിലും ഒരു ജൂനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ വിഭാഗവും കൂടാതെ വകുപ്പു മേധാവിയായ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലും ഇൻസ്പെക്ഷൻ ആന്റ് ആഡിറ്റ് വിഭാഗം പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതും പൊതുവായി എല്ലാ വകുപ്പുകൾക്കും ആവശ്യമായതുമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐ. എൽ. ഡി. എം) എന്ന പേരിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് റവന്യൂ വകുപ്പിന് കീഴിൽ നിലവിലുണ്ട്. റവന്യൂ, സർവ്വേ സംബന്ധമായ എല്ലാ വിഷയങ്ങളിലും സമയബന്ധിതമായി ജീവനക്കാർക്ക് ഇവിടെ പരിശീലനം നൽകി വരുന്നു. കൂടാതെ, ജീവനക്കാരുടെ കാര്യക്ഷമത, മനോഭാവം, സേവന തൽപരത എന്നിവ വർദ്ധിപ്പിക്കുന്നതിനായി ജില്ലാതല പരിശീലന പരിപാടികളും ജനസൗഹൃദ വില്ലേജ് പരിശീലനവും ഐ. എൽ. ഡി. എം-ന്റെ ആഭിമുഖ്യത്തിൽ നൽകി വരുന്നു. |
| (ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെയും താലൂക്ക് ഓഫീസുകളിലെയും അഴിമതി അവസാനിപ്പിക്കുന്നതിനും പരാതികൾ സമയബന്ധിതമായി | (ബി) റവന്യൂ ഓഫീസുകളിലെ പരാതികൾ സമയബന്ധിതമായി അന്വേഷിക്കുന്നതിന്റേയും തീർപ്പാക്കുന്നതിന്റേയും ഭാഗമായി റവന്യൂ ഓഫീസുകളിൽ നിന്നും സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്ക്കരിച്ച് |

അന്വേഷിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി. എപ്പോഴും എവിടെ നിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും ലഭ്യമാക്കുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. പൊതുജനസൗകര്യാർത്ഥം വില്ലേജ്/ താലൂക്ക് ഓഫീസുകൾക്കൊപ്പം അക്ഷയ കേന്ദ്രങ്ങൾ വഴിയും റവന്യു വകുപ്പു നൽകി വരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകി വരുന്നുണ്ട്.

ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടു കൂടി സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കി വരുന്നു.

റവന്യു, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് സംയോജിത ഓൺലൈൻ പോക്കുവരവ് (Integrated Online PV System) സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം നിലവിൽ വന്നുകൊണ്ടിരിക്കുന്നു. റവന്യു വകുപ്പിലേയ്ക്ക് അടയ്ക്കേണ്ട/ പിരിഞ്ഞു കിട്ടേണ്ട നികുതികളും മറ്റു തുകകളും സ്വഗൃഹത്തിലിരുന്നു തന്നെ കമ്പ്യൂട്ടറിന്റേയോ സ്മാർട്ട് ഫോണിന്റേയോ സഹായത്തോടെ അടയ്ക്കുവാൻ സാധിക്കുന്ന രീതിയിലാണ് പുതിയ പരിഷ്ക്കാരം ആവിഷ്ക്കരിച്ചിരിക്കുന്നത്.

റവന്യു വകുപ്പിലെ ഭൂനികുതി, ഒടുക്ക്, തുടങ്ങി വിവിധ സാമ്പത്തിക സേവനങ്ങൾ, ഇതര സേവനങ്ങൾ, ക്ഷേമപദ്ധതികൾ എന്നിവ ക്രോഡീകരിച്ച് അഴിമതി രഹിതമായ ഒരു റവന്യു ഭരണം സാധ്യമാക്കുക എന്നതാണ് ഈ പദ്ധതികൾ കൊണ്ട് ലക്ഷ്യമാക്കുന്നത്. സംസ്ഥാനത്തെ വില്ലേജാഫീസുകളിലേയും താലൂക്കാഫീസുകളിലേയും അഴിമതി അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി ലാൻഡ് റവന്യു കമ്മീഷണറേറ്റിൽ മൂന്ന് പരിശോധന യൂണിറ്റുകളും ഇന്റേണൽ ഓഡിറ്റ് വിഭാഗവും (ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ) ജില്ലാ കളക്ടറേറ്റുകളിലും താലൂക്കാഫീസുകളിലും ഓരോ പരിശോധന യൂണിറ്റ് വീതവും പ്രവർത്തിച്ചു വരുന്നുണ്ട്.

(സി) റവന്യു ഭരണം കാര്യക്ഷമമാക്കുവാൻ നിലവിലുള്ള താലൂക്കുകൾ വിഭജിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

(സി) താലൂക്ക് രൂപീകരണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ